# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കാസറഗോഡ്-671123**

**ഇ-മെയിൽ: doksd.ksad@kerala.gov.in**
**ഫോൺ : 04994-256690**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി -11/729/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയതി: 16/10/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി -11/729/2023 തീയ്യതി: 16/10/2023

# കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രേഖ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 24-08-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 16-08-2023 | 24-08-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ് കുമാർ.സി, ഓഡിറ്റ് ഓഫീസർ
ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കെ.സി.കുഞ്ഞികൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അരുൺ ദേവ്.വി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഹരി വേണുഗോപാലൻ.കെ.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ടി കെ രവി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| മനോജ് എൻ | സെക്രട്ടറി | 01-04-2022 | 19-10-2022 |
| ലീനമോൾ എൻ സി | സെക്രട്ടറി | 19-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷീല.പി.യു | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| നിഖിൽ നാരായണൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഉമേശ് കെ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 01-10-2022 |
| രമ്യ ടി വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2022 | 31-03-2023 |
| ഡോ.രേണു കെ രാജ് | വെറ്റിനറി സർജൻ | 01-04-2022 | 26-09-2022 |
| ഡോ.റൂബി ആഗസ്റ്റിൻ | വെറ്റിനറി സർജൻ | 26-09-2022 | 22-10-2022 |
| ഡോ. കാർത്തിക കെ വി | വെറ്റിനറി സർജൻ | 22-10-2022 | 17-03-2023 |
| ഡോ.ധനുശ്രീ | വെറ്റിനറി സർജൻ | 17-03-2023 | 31-03-2023 |
| ശ്രീജിത്ത് എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ജോയിസ് ജോസഫ് | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| പോൾ എം എഫ് | ഫിഷറീസ് സബ് ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ.രജിത റാണി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.പത്മേക്ഷണൻ കെ പി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഇക്ബാൽ.സി.എച്ച് | വി.ഇ.ഒ - കരിന്തളം | 01-04-2022 | 04-07-2022 |
| ജേക്കബ് ഉലഹന്നാൻ | വി.ഇ.ഒ - കരിന്തളം | 05-07-2022 | 11-08-2022 |
| പ്രവീണ.കെ.വി | വി.ഇ.ഒ - കരിന്തളം | 12-08-2022 | 31-03-2023 |
| ജേക്കബ് ഉലഹന്നാൻ | വി.ഇ.ഒ - കിനാനൂർ | 01-04-2022 | 04-07-2022 |
| സന്തീപ് കുമാർ.എസ്.പൈ | വി.ഇ.ഒ - കിനാനൂർ | 05-07-2022 | 11-08-2022 |
| പ്രകാശൻ.എം.വി | വി.ഇ.ഒ - കിനാനൂർ | 12-08-2022 | 24-11-2022 |
| സനൂപ്.പി | വി.ഇ.ഒ - കിനാനൂർ | 25-11-2022 | 31-03-2023 |
| സുമ പി സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ജിഷ മുങ്ങത്ത് നായർ | മെഡിക്കൽ ഓഫീസർ - അലോപ്പതി | 01-04-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | എ.സി.ആർ - ചെലവു പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | അഡ്വാൻസ് തുക ക്രമീകരിക്കാതെ നിലനിൽക്കുന്നു - രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-1-4 |
| 6 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയിൽ വർഷങ്ങളായി നിലനിൽക്കുന്നവ സംബന്ധിച്ച വിശദാംശം ലഭ്യമല്ല. | 1-1-5 |
| 7 | നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല – മുന്നിരിപ്പ് സംബന്ധിച്ച വിശദാംശം ലഭ്യമല്ല. | 1-1-6 |
| 8 | ഇ – പേമെന്റ് തുക ബാങ്കിൽ ക്രഡിറ്റാകാതെ നിലനിൽക്കുന്നു. | 1-1-7 |
| 9 | പലിശ ഇനത്തില വരവ് ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | വർഷങ്ങളായി നിലനിൽക്കുന്ന ബാധ്യത തുകകളുടെ വിശദാംശം ലഭ്യമല്ല | 1-1-9 |
| 11 | തനതു വരുമാനം മറ്റ് ഡെപ്പോസിറ്റ് ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | 1-1-10 |
| 12 | സർവ്വീസ് ടാക്സ് ഇനത്തിലെ തുക ഡെപ്പോസിറ്റ് ഇനത്തിൽ ബാധ്യതയായി നിലനിൽക്കുന്നു. | 1-1-11 |
| 13 | ഇലക്ഷൻ ഡെപ്പോസിറ്റ് - വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-12 |
| 14 | മറ്റ് ഡെപ്പോസിറ്റ് ഇനത്തിൽ ഉൽപ്പെട്ട 2436/- രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-13 |
| 15 | ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-1-14 |
| 16 | ഗ്രാമലക്ഷ്മി മുദ്രാലയത്തിനു നല്കിയ മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല | 1-1-15 |
| 17 | തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല | 1-1-16 |
| 18 | ബജറ്റ് | 1-2 |
| 19 | സാമ്പത്തിക വിശകലനം | 1-3 |
| 20 | ഗ്രാന്റ് വിനിയോഗം | 1-4 |
| 21 | പദ്ധതി അവലോകനം. | 1-5 |
| 22 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 23 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 24 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 26 | തനത് വരുമാനം- അവലോകനം | 1-10 |
| 27 | തൊഴിൽ നികുതി-അപാകതകൾ | 1-11 |
| 28 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ബത്ത – അധിക തുക നൽകി | 1-12 |
| 29 | ഗുണഭോക്താക്കളുടെ മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു. | 1-13 |
| 30 | തൊഴിലുറപ്പ് പദ്ധതി -സ്രോതസ്സുകളിൽ നിന്നും കുറവു ചെയ്യേണ്ട ജി.എസ്.ടി കുറവു ചെയ്യുന്നില്ല. | 1-14 |
| 31 | ഹോമിയോ ഡിസ്പെൻസറികളിലേക്ക് മുഴുവൻ മരുന്നുകളും ലഭിച്ചിട്ടല്ല. | 1-15 |

| | | |
|---|---|---|
| 32 | കേരള സംസ്ഥാന ബധിര കായികമേളയുടെ നടത്തിപ്പിന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-16 |
| 33 | ഇൻഫർമേഷൻ കേരളാ മിഷന് പഞ്ചായത്ത് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-17 |
| 34 | കാലിത്തീറ്റ വിതരണം -കൈകാര്യ ചെലവ് ലഭ്യമായിട്ടില്ല | 1-18 |
| 35 | നാടൻ ആട് വളർത്തൽ പദ്ധതി (204/23) | 1-19 |
| 36 | ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-20 |
| 37 | ഇ – പേമെന്റ് തുക ബാങ്കിൽ ക്രഡിറ്റാകാതെ നിലനിൽക്കുന്നു. | 1-21 |
| 38 | നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല – മുന്നിരിപ്പ് സംബന്ധിച്ച വിശദാംശം ലഭ്യമല്ല. | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | നാടൻ ആട് വളർത്തൽ പദ്ധതി (204/23) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ്, സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ | |
| 4 | റസീപ്റ്റ് & പേമെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം , കേരള പഞ്ചാ രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 , സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫ ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശ പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13/07/2023 ലെ 1/1 നമ്പർ കമ്മിറ്റി തീരുമാന പ്ര തയ്യാറാക്കി 13/07/2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊ സമർപ്പിക്കപ്പെട്ടിട്ടുള്ള കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾ സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്ക പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പ് എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങ അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പ പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമാ ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുമുണ്ട് എന്ന മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനക തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്ക ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവത വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യാ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളു അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്ത അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്ര സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോട് കൂടിയുള്ള അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാന വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയ കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായ ചിത്രം നൽകുന്നു.

കാസറഗോഡ്
16.10.2023

ഡെപ്യൂട്ടിഡ
കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

A) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗ നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്ത തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാ ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്) പ്രകാരമുള്ള അടി( അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

C) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (3) പ്രകാരം സാമ്പ പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ മുൻവർഷത്തെ താരതമ്യ തു രേഖപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടു തുകയും (19026907/-) ഇതേ പത്രികയിൽ "Net Cash Generated By Operating+ Investing+Financing A (A+B+C) ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (9849524/-) തുല്യമല്ല ആയതിനാൽ ക്യാഷ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നി നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടു(

## 1-1-3 എ.സി.ആർ - ചെലവു പത്രിക പൊരുത്തപ്പെടുന്നില്ല

എ.സി.ആർ പ്രകാരവും ചെലവ് പത്രിക പ്രകാരവുമുള്ള തുകയിൽ ചുവടെ ( വ്യത്യാസമുണ്ട്.

| ഇനം | എ.സി.ആർ പ്രകാരം ചെലവ് | ചെലവ് പത്രിക പ്രാകാരം ചെലവ് | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 24764522 | 23659279 (25833594 – 2174315 (സ്രോതസിൽ നിന്നും കുറവു ചെയ്തത്) | 1105243 |
| സി.എഫ്.സി | 8070383 | 7837088 | 233295 |
| വികസന ഫണ്ട് - റോഡ് | 10328875 | 9702689 | 626186 |

2022-23 വർഷം താഴെ പറയും പ്രകാരം ട്രഷറിയിൽ സമർപ്പിച്ച ബില്ലുകളിൽ പാസ്സാക്ക: എ.സി.ആറിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫണ്ട്- തരം | പ്രോജക്റ്റ് നമ്പർ, പേര് | തുക |
|---|---|---|---|---|
| 1 | വെറ്റിനറി സർജൻ | വികസന ഫണ്ട് - ജനറൽ | 211- കന്നുകുട്ടി പരിപാലനം | 20000/- |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | വികസന ഫണ്ട് - ജനറൽ | 93 – പ്ലാത്തടം കൊട്ടമടൽ വി.സി.ബി അപ്രോച്ച് റോഡ് നവീകരണം | 640296/- |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | വികസന ഫണ്ട് - ജനറൽ | 272 – പയ്യംകുളം തുടർവിദ്യാകേന്ദ്രം നവീകരണം | 195507/- |
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ | വികസന ഫണ്ട് - ജനറൽ | 280 – കമ്മാടം ചെറുകുന്ന് റോഡ് കോൺക്രീറ്റ് | 249440/- |
| 5 | അസിസ്റ്റന്റ് എഞ്ചിനീയർ | മെയിന്റനൻസ് ഫണ്ട് | 260 – കണ്ണൻകുന്ന് ചാലായി റോഡ് പുനരുദ്ധാരണം | 626186/- |

| | | | | |
|---|---|---|---|---|
| 6 | അസിസ്റ്റന്റ് എഞ്ചിനീയർ | വികസന ഫണ്ട് - സി.എഫ്.സി | 11 – മാളൂർകയം അംഗൻവാടിക്ക് കുടിവെള്ള സൗകര്യം | 233295/- |

**1-1-4 അഡ്വാൻസ് തുക ക്രമീകരിക്കാതെ നിലനിൽക്കുന്നു - രേഖകൾ ലഭ്യമാക്കിയിട്ടില്ല**

A) മറ്റ് അഡ്വാൻസ് (460100199) ഇനത്തിൽ 2021-22 മുതൽ 19200/- രൂപ നിലനിൽക്കുന്നു.

B) സപ്ലയേഴ്സിനു നൽകിയ അഡ്വാൻസ് (460400101) ഇനത്തിൽ 2016-17 മുതൽ 11935/ നിലനിൽക്കുന്നു.

C) അംഗീകൃത ഏജൻസികൾക്കു നൽകിയ അഡ്വാൻസ് (460500399) ഇനത്തിൽ 2016-17 170000/- രൂപ നിലനിൽക്കുന്നു. ഇതിൽ 2021-22 ൽ 880350/- രൂപയും ചേർത്ത് ആകെ 105035 നിലനിൽക്കുന്നു.

D) മറ്റുള്ളവർക്കു നൽകിയ അഡ്വാൻസ് (460509901) 2021-22 ഇനത്തിൽ 1686826/- നിലനിൽക്കുന്നു.

മേൽ പ്രകാരം നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

**1-1-5 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയിൽ വർഷങ്ങളായി നിലനിൽക്കുന്നവ സംബന്ധിച്ച വിശദാംശം ലഭ്യമല്ല.**

A) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ 2014-15 വർഷം മുതൽ 8000/- രൂപ ഡെപ്പോസിറ്റ് ഇന നിലനിൽക്കുന്നു.

B) കെ.എസ്.ഇ.ബി യിൽ 2020-21 ൽ 2068365/- രൂപയും 2021-22 മുതൽ 1676676/- രൂപയും ആകെ 3745041/- രൂപയും നിലനിൽക്കുന്നു.
മേൽ പ്രകാരം നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

**1-1-6 നിർവ്വഹണ ഉദ്യോഗസ്ഥർക്കു നൽകിയ അഡ്വാൻസ് തുക ക്രമീകരിച്ചി മുന്നിരിപ്പ് സംബന്ധിച്ച വിശദാംശം ലഭ്യമല്ല.**

ധനകാര്യ പത്രിക ആർ.പി -49 ഷെഡ്യൂൾ പ്രകാരം തൻവർഷം നിർവ്വഹണഉദ്യോഗസ 526000/- രൂപ അഡ്വാൻസ് ഇനത്തിൽ നൽകിയിട്ടുണ്ട്. ഈ തുക പൂർണ്ണമായും ചെലവഴി കൂടാതെ നിർവ്വഹണഉദ്യാഗസ്ഥർക്കു നൽകിയ അഡ്വാൻസ് തുകയിൽ 433288/- മുന്നിരിപ്പായി നിലനിൽക്കുന്നുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തത തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

**1-1-7 ഇ – പേമെന്റ് തുക ബാങ്കിൽ ക്രഡിറ്റാകാതെ നിലനിൽക്കുന്നു.**

2022-23 സാമ്പത്തിക വർഷത്തെ എസ്.ബി.ഐ അക്കൗണ്ടിന്റെ (അക്കൗണ്ട് നം.67381 റീക്കൺസിലിയേഷൻ പത്രിക പ്രകാരം മുന്ന് മാസത്തിലധികമായി ബാങ്കിൽ ക്രഡിറ്റ് വ 972/- രൂപ നിലനിൽക്കുന്നു. (വിശദാംശം ഖണ്ഡിക 1-21 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

**1-1-8 പലിശ ഇനത്തില വരവ് ബന്ധപ്പെട്ട ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല**

A) ഫെഡറൽ ബാങ്ക് - ഡിജിറ്റൽ പേമെന്റ് അക്കൗണ്ടിലെ ചുവടെ പറയും പ്രകാരം ലഭ്യമാ പലിശ ഇനത്തിലെ വരവ് " 171100101 – ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ വരവ് " എ ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

| അക്കൗണ്ട് നമ്പർ | തീയതി | പലിശ വരവ് |
|---|---|---|
| 19130100073448 | 29/03/2023 | 283 |

B) ഫെഡറൽ ബാങ്ക് - ലൈഫ്- കെ.യു.ആർ.ഡി.എഫ്.സി അക്കൗണ്ടിലെ (നമ്പർ 19130100071 പലിശ ഇനത്തിലെ വരവ് വിവിധ ഹെഡ്ഡുകളിൽ ചുവടെ പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തീയതി | പലിശ വരവ് | രേഖപ്പെടുത്തിയിട്ടുള്ള ഹെഡ്ഡ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 29/09/2022 | 19178 | 171100101 – ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ വരവ് |
| 2 | 29/12/2022 | 10033 | 171100101 – ബാങ്ക് അക്കൗണ്ടുകളിൽ നിന്നുള്ള പലിശ വരവ് |
| 3 | 29/03/2023 | 8685 | 171800199 – മറ്റ് പലിശ |
| ആകെ വരവ് | | 37896 | |

C) ചുവടെ പറയുന്ന പ്രത്യേക ഉദ്ദേശ്യങ്ങൾക്കായുള്ള ബാങ്ക് അക്കൗണ്ടിലെ പലിശ വരവ് ത ഫണ്ട് വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | തുക |
|---|---|---|
| 1 | ഫെഡറൽ ബാങ്ക് - കോവിഡ് 19 സംഭാവന (നമ്പർ 191310100068505) | 227 |
| 2 | ബാങ്ക് ഓഫ് ബറോഡ - സായം പ്രഭ (നമ്പർ 68690100003719) | 550 |
| 3 | ഫെഡറൽ ബാങ്ക് - ലൈഫ് - കെ.യു.ആർ.ഡി.എഫ്.സി - (നമ്പർ 191310100071376) | 37896 |

## 1-1-9 വർഷങ്ങളായി നിലനിൽക്കുന്ന ബാധ്യത തുകകളുടെ വിശദാംശം ലഭ്യ

ധനകാര്യപത്രിക ബി-9 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന ബാധ്യത തുകകൾ വർഷങ്ങ നിലനിൽക്കുന്നു.

| ഇനം | തുക | റിമാർക്ക്സ് |
|---|---|---|
| 350200106 – ജി.പി.എ.ഐ.എസ് | 500 | 2021-22 മുതൽ നിലനിൽക്കുന്നു |
| 350200119 – റിക്കവറി- കോവിഡ് | 142530 | 2021-22 മുതൽ നിലനിൽക്കുന്നു |
| 350300104 – സർവ്വീസ് ടാക്സ് | 42078 | 2017-18 മുതൽ നിലനിൽക്കുന്നു |
| 350300199 - മറ്റുള്ളവ | 6945 | 2014-15 മുതൽ നിലനിൽക്കുന്നു |
| 350400501 - റീഫണ്ട് | 17436 | 2016-17 മുതൽ നിലനിൽക്കുന്നു |

മേൽ തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുകളുടെ ക പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 1-1-10 തനതു വരുമാനം മറ്റ് ഡെപ്പോസിറ്റ് ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന

2022-23 സാമ്പത്തിക വർഷത്തിൽ ലഭ്യമായ ചുവടെ പറയുന്ന തനതു വരുമാനങ്ങ ഡെപ്പോസിറ്റ് എന്ന ഇനത്തിൽ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | ഇനം | തുക |
|---|---|---|---|---|
| 1 | 1220000312 | 31-03-2023 | തനതു വരുമാനം അധിക തുക | 691 |
| 2 | 42201362(ജേണൽ എൻട്രി) | 31-03-2023 | പന്നി, പട്ടി ലൈസൻസ് അധിക തുക | 50 |

## 1-1-11 സർവ്വീസ് ടാക്സ് ഇനത്തിലെ തുക ഡെപ്പോസിറ്റ് ഇനത്തിൽ ബാധ്യതയാ നിലനിൽക്കുന്നു.

ധനകാര്യപത്രിക ബി - 9 ഷെഡ്യൂൾ പ്രകാരം സർവ്വീസ് ടാക്സ് ഇനത്തിൽ (350300104) രൂപയാണ് ഒടുക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മറ്റ് ഡെപ്പോസിറ്റ് ഇനത രജിസ്റ്റർ പരിശോധിച്ചതിൽ സർവ്വീസ് ടാക്സ് ഇനത്തിൽ 291485/- രൂപ ബാധ്യത രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഇത്തരത്തിൽ ഒടുക്കുവരുത്തേണ്ട സർവ്വീസ് ടാ ഡെപ്പോസിറ്റ്" എന്ന ഇനത്തിൽ നിലനിൽക്കുന്നതിനുള്ള കാരണം വിശദമാക്കിയിട്ടില്ല.

## 1-1-12 ഇലക്ഷൻ ഡെപ്പോസിറ്റ് - വിവിധ ഹെഡ്ഡുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിലെ തുക വിവിധ ഹെഡ്ഡുകളിൽ ചുവടെ പറയും പ്ര
രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | കോഡ്, ഇനം | തുക |
|---|---|---|
| 1 | 340109901, മറ്റ് ഡെപ്പോസിറ്റ്, (ഇലക്ഷൻ നോമിനേഷൻ) | 13000 |
| 2 | 340100303, ഇലക്ഷൻ ഡെപ്പോസിറ്റ് | 16500 |

## 1-1-13 മറ്റ് ഡെപ്പോസിറ്റ് ഇനത്തിൽ ഉൾപ്പെട്ട 2436/- രൂപയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

31/03/ 2022 ൽ EPOC - BILL NO. 10464-01-12-2018 പ്രകാരം ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗ
ലഭിച്ച 2436/- രൂപ മറ്റ് ഡെപ്പോസിറ്റ് ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. ഈ
ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഈ തുകയുടെ വിശ
ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/18.08.2023 ന് മ
ലഭ്യമാക്കിയിട്ടില്ല.

## 1-1-14 ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ നിലനിൽക്കുന്ന തുകയ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ലയബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ നിലനിൽക്കുന്ന 55964/- രൂപയുടെ വിശ
ലഭ്യമാക്കിയിട്ടില്ല.
(വിശദവിവരം ഖണ്ഡിക 1-20 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

## 1-1-15 ഗ്രാമലക്ഷ്മി മുദ്രാലയത്തിനു നല്കിയ മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല

ധനകാര്യപത്രിക ബി - 18 ഷെഡ്യൂൾ പ്രകാരം ഗ്രാമലക്ഷ്മി മുദ്രാലയത്തിനു അഡ
നൽകിയ ഇനത്തിൽ 124950/- രൂപ നിലനിൽക്കുന്നു. ഇതിൽ 5900/- രൂപ ചുവടെ പറയും പ്ര
രസീത് ബുക്കുകൾക്കായി നൽകിയിട്ടുള്ളതാണ് .

| ക്രമ നമ്പർ | തീയതി | ഇനം | തുക |
|---|---|---|---|
| 1 | 03-12-2021 | Cost Of Receipt Book(118*25) | 2950 |
| 2 | 15-11-2022 | COST OF 25 MANNUAL RECEIPT BOOK | 2950 |

രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയും പ്രകാരം (
ബുക്ക് ലഭ്യമായിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട് .

| ക്രമ നമ്പർ | തീയതി | ലഭ്യമായ രസീത് ബുക്കുകൾ |
|---|---|---|
| 1 | 10/12/2021 | 13931 മുതൽ 13955 വരെ |
| 2 | 29/11/2022 | 14376 മുതൽ 14400 വരെ |

എന്നാൽ മേൽ തുകകൾ അഡ്വാൻസിൽ നിന്നും ക്രമീകരിച്ചിട്ടില്ല.

## 1-1-16 തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല

തൊഴിലുറപ്പ് പദ്ധതിയിൽ വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങ
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകി 89728989/- രൂപയും ആകെ ചെലവായ 89728989/- രൂ
ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1<br>തീയ്യതി 26/03/2022 | 6/1<br>തീയ്യതി 03/03/2023 |
| മുന്നിരിപ്പ് | 15968947 | 18285979 |
| വരവ് | 313542080 | 320446724 |
| ആകെ | 329511027 | 338732703 |
| ചെലവ് | 321185080 | 324559532 |
| നീക്കിയിരിപ്പ് | 8325947 | 14173171 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് വിവരങ്ങൾ)

| 2022-23 | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 3,45,20,783 |
| വരവ് | 7,82,61,109 |
| ആകെ | 11,27,81,892 |
| ചെലവ് | 5,92,34,202 |
| നീക്കിയിരിപ്പ് | 5,35,47,690 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 51,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,78,453 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെ സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെ ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം 13,02,78,314/- രൂപയും ചെലവ് 12,48,41,954/- രൂപയുമാണ് .

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സാ യ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 28419000 | 28419000 | 26938837 | 1480163 |
| വികസനഫണ്ട് എസ്.സി.പി. | 0 | 937000 | 937000 | 937000 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 6484000 | 6484000 | 6368845 | 115155 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 21621000 | 21621000 | 10328875 | 11292125 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7829000 | 7829000 | 6671586 | 1157414 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ബാങ്ക് | 4536589 | 4363032 | 8899621 | 4436182 | 4463439 |
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് | 0 | 4272235 | 4272235 | 1501682 | 2770553 |

| | | | | | |
|---|---|---|---|---|---|
| ട്രഷറി | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാൻറ്(Tied) ബാങ്ക് | 1750890 | 9012500 | 10763390 | 5690479 | 5072911 |
| ധനകാര്യ കമ്മീഷൻ ഗ്രാൻറ്(Untied) ട്രഷറി | 0 | 7038802 | 7038802 | 6568701 | 470101 |
| **ബിഫണ്ട്** | | | | | |
| വിവാഹ ധനസഹായം | 0 | 210000 | 210000 | 210000 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 1756918 | 0 | 1756918 | 0 | 1756918 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 315736 | 0 | 315736 | 0 | 315736 |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | |
| തൊഴിലുറപ്പ് പദ്ധതി | 0 | 1989580 | 1989580 | 0 | 1989580 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 2591782 | 3845116 | 6436898 | 3135871 | 3301027 |
| ദേശീയ വികലാംഗ പുനരധിവാസ പദ്ധതി | 180000 | 0 | 180000 | 55000 | 125000 |
| പൈക്ക | 650158 | 17733 | 667891 | 0 | 667891 |
| വെസ്റ്റേൺ ഗാട്ട് | 4212 | 285 | 4497 | 0 | 4497 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | |
| സാക്ഷരത | 1185 | 0 | 1185 | 0 | 1185 |
| ശുചിത്വ മിഷൻ | 2436571 | 0 | 2436571 | 778124 | 1658447 |
| ജല നിധി | 10234384 | 2158265 | 12392649 | 784067 | 11608582 |
| എസ്.ടി കോർപ്പസ് ഫണ്ട് | 1630290 | 0 | 1630290 | 0 | 1630290 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം & മറ്റിനങ്ങൾ | 3245400 | 6100000 | 9345400 | 0 | 9345400 |
| വിവിധ അവാർഡ് തുകകൾ | 957981 | 2269521 | 3227502 | 1290474 | 1937028 |

(വികസന ഫണ്ട് ജനറൽ (₹2174315), എസ്.സി.പി (₹335511) , ടി.എസ്.പി (₹1734 എന്നീയിനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറച്ച തുക മേൽപട്ടികയിൽ വരവിലും ചെല ഉൾപ്പെടുത്തിയിട്ടുണ്ട്. )

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീ പദ്ധതിക ശതമാന |
|---|---|---|---|---|---|---|
| 227 | 155087583 | 162 | 81328820 | - | 65 | 71.37 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022- | 2022-23 വർഷം നടപ്പാക്കിയ | ചെലവ് ശതമാ നം. |
|---|---|---|---|---|

| | | 23വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | പദ്ധതികളുടെ വിവരം | | |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 30 | 10367629 | 20 | 6477141 | 62.47 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 3716194 | 8 | 2763293 | 74.36 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 122 | 59856965 | 72 | 22426618 | 37.47 |
| 4 | കൃഷി ഓഫീസർ | 9 | 4024193 | 5 | 2508486 | 62.34 |
| 5 | വെറ്റിനറി സർജ്ജൻ | 7 | 4366400 | 7 | 2613400 | 59.85 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 55726855 | 23 | 28037974 | 50.31 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 6369250 | 9 | 5974446 | 93.80 |
| 8 | പ്രധാനധ്യാപകൻ | 5 | 1442650 | 5 | 1423605 | 98.68 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 1500000 | 3 | 1483104 | 98.87 |
| 10 | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 8 | 4117447 | 8 | 4048215 | 98.32 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 900000 | 1 | 900000 | 100 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 2700000 | 1 | 2672538 | 98.98 |
| | ആകെ | 227 | 155087583 | 162 | 81328820 | 52.44 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 1989580 | 1989580 | 0 | 1,989,580 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 89728989 | 89728989 | 89728989 | 0 |
| ആകെ | 0 | 91718569 | 91718569 | 89728989 | 1,989,580 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷ പദ്ധതികളുൾപ്പെടുന്ന 2393201282/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ (അധീഷണൽ ഉൾപ്പടെ) ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 202822 തെ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 1199 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6,859,800 | 650 |
| വിധവാപെൻഷൻ | 15,265,800 | 1414 |
| വാർദ്ധക്യകാലപെൻഷൻ | 20,635,000 | 2091 |
| വികലാംഗപെൻഷൻ | 4,378,600 | 401 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 674,000 | 60 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180,000 | 6 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാ പരിശോധന 16.08.2023 തീയതിയിൽ 2.34 P.M ന് സ്ഥാപനത്തിലെ ഉത്തരവാ ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 11,181/- രൂ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### പൊതു നിയന്ത്രണം

07.02.2014ലെ ഉത്തരവ് നം. എ2/1253/13 പ്രകാരം ജീവനക്കാരുടെ ജോലി വി നടത്തിയിട്ടുണ്ട്. പിന്നീട് നിരവധി ഉപ ഉത്തരവുകൾ പ്രകാരം ഓഫീസ് ഉത്ത കൂട്ടിചേർക്കലുകളുണ്ടായിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തന നിരവധി സോഫ്റ്റ് വെയറുകളുടെ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഓഫീസ് ഉത്തരവിൽ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ചു നൽകുമ്പോൾ സോഫ്റ്റ് വെയറുകളുടെ ഉപ അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംമ്പന്ധിച്ച് പരാമർങ്ങളൊന്നും വർഷത്തിനുമുൻപേ ഉണ്ടാക്കിയ ഓഫീസ് ഉത്തരവ് ആധാരമാക്കിയാണ് നിലവിൽ സെക്ഷനുകളുടെ പ്രവർത്തനം. ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തന ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതോടെ പല മാറ്റങ്ങളും ഉണ്ടായ ആയതിനാൽ ഓഫീസ് ഉത്തരവ് കാലാനുസൃതമായി പരിഷ്കരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 35 തവണ യോഗം ചേർന്നിട്ടുണ്ട്. ധന സ്റ്റാന്റിംഗ് കമ്മിറ്റി 18 പ്രാവശ്യവും വികസന സ്റ്റാന്റിംഗ് കമ്മിറ്റി 17 പ്രാവശ്യവും ക്ഷേമ സ്റ്റാന്റിംഗ് കമ്മിറ്റി 22 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 24 പ്രാവ യോഗം ചേരുന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്ട്സ് ബു രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക തൊട്ടടുത്ത മാസം 10-ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം വ്യവസ്ഥ കൃത്യമായി പാലിക്കുന്നില്ല. (8/2022, 11/2022 എന്നീ മാസങ്ങളിലെ വരവ് ക കണക്കുകൾ യഥാക്രമം 12.09.2022, 23.12.2022 എന്നീ തിയ്യതികളിലാണ് ധനകാര്യ സ്റ്റാ കമ്മിറ്റി അംഗീകരിച്ചിട്ടുള്ളത്). സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങ നിർവ്വഹണോദ്യോഗസ്ഥൻമാരെകൂടി പങ്കെടുപ്പിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2023സാമ്പത്തിക വർഷം 11 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്ട്സ് ബു രേഖപ്പെടുന്നുണ്ട്.

### കൺട്രോൾ ഓവർ അക്കൗണ്ട്

അക്കൗണ്ടിംഗ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്റ സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിംഗ് മാമ്പൽ പ്രകാരമുള്ള മാ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപന നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിത

സ്ഥാപനത്തിന്റെ അക്കൗണ്ടിംഗ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയ സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടു ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻ അതാതു സമയത്തെ മേലുദ്യോഗസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. റസീറ്റു ബുക്കുക ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദു രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്ത് അക്കൗണ്ടിംഗ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗ രേഖകളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർ പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈ ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാ വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എ സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധന പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ദിവസേനയുള്ള വര ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാ പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

**<u>പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം</u>**

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ നിലവിലുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കു പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യു സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ സ്വീകരിച്ചു വരുന്നത്.

**<u>ഡി.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം</u>**

ഓരോ വരവിനത്തിലുമുള്ള ഡിമാന്റുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററു രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സ വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തു റീക്കൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

**<u>നികുതി -നികുതിയേതര വരവുകളിന്മേലുള്ള നിയന്ത്രണം</u>**

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട്. നികുതി നിർണ്ണയം നടത സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ്. തൻവർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടു

**<u>കൺട്രോൾ ഓവർ പ്രൊക്യുർമെന്റ്.</u>**

ഗ്രമപഞ്ചായത്തിലെ പ്രൊക്യുർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കു പഞ്ചായത്തിലെ പ്രൊക്യുർമെന്റ് കമ്മിറ്റി 2022-2023 വർഷത്തിൽ ആകെ 14 തവണ ചേർന്നിട്ടുണ്ട്.

സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ട സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധ ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

**<u>കൺട്രോൾ ഓവർ പേറോൾ</u>**

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ടെങ്കിലും ജീവനക്ക ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയ അംഗീകാരം വാങ്ങുന്നില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ജീവനക്ക ശ്രീമതി.നിഷ.എം.പി-ക്ലാർക്ക്, ശ്രീമതി.സീന.എ.എം-അക്കൗണ്ടന്റ്, ശ്രീ.ജയൻ.ജി-സീ

ക്ലാർക്ക് എന്നിവരുടെ ശമ്പളം ജി.ഒ (പി) നം 27/2021/Fin തീയതി 10.02.2021 പ്രകാരം പരിഷ്ക
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല.

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്ക പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധ വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പടുന്ന ജീവനക്ക പെൻഷൻ കോൺട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

## രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്ര രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്ക സംബന്ധമായ രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ തുടങ്ങിയവ കൃത്യ എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുംബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർ

## ആസ്തികളിൻമേലുള്ള നിയന്ത്രണം

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയ സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം ന വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

## 1-10 തനത് വരുമാനം- അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്ത കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ വിവരങ്ങൾ താഴെ ചേർക്കുന്നു.

## വസ്തുനികുതി

സർക്കാരിന്റെ 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാന കമ്മിറ്റി 19.05.2023 തീയ്യതിയിലെ യോഗത്തിൽ 5/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് സർക്കാർ ഉത്തരവ് പ്രകാരമുള്ള വസ്തുനികുതി പരിഷ്ക്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെ അപ്ഡേഷൻ നടത്തിയിട്ടില്ല. ഡാറ്റാ പ്യൂരിഫിക്കേഷൻ സൗകര്യം സഞ്ചയ സോഫ്റ്റ്‌വേറ ലഭ്യമല്ലാത്തതിനാൽ ആയത് പൂർത്തീകരിച്ചിട്ടില്ല.

## സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാ ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ന ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേ ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെ ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈന തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്ര ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വര മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

## തൊഴിൽ നികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരാ സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസ വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങി സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടു ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയത നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ വിവരശേഖരണം നടത്തി തൊഴിൽനി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ലൈസൻസ് സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയത് പരിശോധിക്കു അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം കണക്കാക്കി സ്ഥാപനത്തിന് നേ നൽകി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുകയോ ചെയ്യുന്നില്ല.

## വിനോദനികുതി

പഞ്ചായത്ത് പരിധിയിൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേ നീന്തൽകുളങ്ങൾ,പ്രദർശന വിപണന മേളകൾ എന്നിവയിൽ ( വിനോദസഞ്ചാരസാധ്യതകൾ ഉള്ള ത.സ്വ.ഭ സ്ഥാപനങ്ങളിൽ സിപ്പ് ലൈൻ (റോപ്പ് വേ), ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. ആയതിനാൽ പഞ്ചായത്തിന് വിനോദനികുതി ഇനത്തിൽ വരുമാനമില്ല.

## റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്യാത്തതിനാൽ വസ്തു നികുതി ഇനത്തിലെ വരുമാനത്തിൽ കുറവു വരുന്നു

2016-17 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തീയതി | രസീത് നമ്പർ | കെട്ടിട നമ്പർ | തുക |
|---|---|---|---|---|
| 1 | 03/11/2016 | 11602103070 | 7/232 | 1767 |
| 2 | 07/11/2016 | 11602103145 | 1/655A | 443 |
| 3 | 19/12/2016 | 11602103737 | 13/283 | 14 |
| 4 | 27/12/2016 | 11602103863 | 4/189 | 165 |
| 5 | 29/12/2016 | 11602103932 | 1/161A | 938 |
| 6 | 30/12/2016 | 11602103989 | 4/12 | 147 |
| 7 | 20/03/2017 | 11602105926 | 15/220A | 145 |
| 8 | 04/07/2017 | 117020101627 | 13/677 | 330 |
| 9 | 21/11/2017 | 117020104312 | 8/261 | 881 |
| 10 | 18/03/2019 | 118020106823 | 8/641 | 198 |
| 11 | 26/06/2019 | 119020101031 | 17/119A | 160 |
| 12 | 27/08/2019 | 119020101627 | 7/403 | 276 |
| 13 | 24/12/2019 | 119020103356 | 1/245 | 912 |
| 14 | 24/12/2019 | 119020103359 | 1/246 | 92 |
| 15 | 30/11/2020 | 120020101968 | 1/122 | 200 |
| 16 | 29/01/2021 | 120020103315 | 9/15 | 632 |
| 17 | 09/06/2021 | 121020100335 | 14/330 | 454 |
| 18 | 05/07/2021 | 121020100524 | 17/270 | 78 |
| ആകെ തുക | | | | 7832 |

ഇത്തരത്തിൽ രസീത് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക ലഭിക്കാതെ ( 7832/- രൂപ വരവായി രേഖപ്പെടുത്തിയ അവസ്ഥയാണുള്ളത്.

## 1-11 തൊഴിൽ നികുതി-അപാകതകൾ

1) <u>എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേ ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ,സ്വകാര്യ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1എ) ,1996 ലെ പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം3, 4 എന്നിവ അനുശാസിക എന്നാൽ 2022-23കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പ വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നേ നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | ലൈസൻസ് നം. | വാർഡ്/ കെട്ടിട നമ്പർ | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | ഷൈന ബാനു | 3/2023 | 17/318, 319 | ജനത വുഡ് ഇൻഡസ്ട്രീസ് | 6 |
| 2 | ചെന്നിത്തല കുന്നേൽ സോജി | 7/2023 | 9/417 To 423 | സി ജെ ബിൽഡ് വെയർ | 4 |
| 3 | സി നാരായണൻ | 22/2023 | - | സി എൻ സ്റ്റോൺ ക്രഷർ | 5 |
| 4 | സി നാരായണൻ | 23/2023 | - | സി എൻ സ്റ്റോൺ ക്രഷർ | 5 |
| 5 | വി ജെ ആന്റണി | 24/2023 | 16/151 A | മാസ് വുഡ് ഇൻഡസ്ട്രീസ് | 4 |
| 6 | ബിജീഷ് സി എൻ | 30/2023 | 13/98 | സിനീഷ് മെറ്റൽസ് | 6 |
| 7 | സി നാരായണൻ | 31/2023 | 8/71 C | സി എൻ ക്രഷർ | 10 |
| 8 | ടി ഉമ്മർ കോയ | 33/2023 | 2/345 | നവ ഭാരത് വുഡ് ഇൻഡസ്ട്രീസ് | 6 |
| 9 | ഷൈബി സെബാസ്റ്റ്യൻ | 42/2023 | 6/265 C | ബിരിക്കുളം മെറ്റൽ ഇൻഡസ്ട്രീസ് | 3 |
| 10 | അബ്ദുൾ റുവൈസ് | 43/2023 | 2/501 | മദീന വുഡ് ഇൻഡസ്ട്രീസ് | 5 |
| 11 | റിയാസ് പി | 50/2023 | 7/212, 220 | ഭീമ ഫാഷൻ സിറ്റി | 5 |
| 12 | അരുൺ പി ബി | 53/2023 | 2/308 A5, A14 To A22 | കസ്തൂരി ടെക്സ്റ്റൈൽസ് & ഫൂട്ട്വേർ | 3 |
| 13 | എ പത്മനാഭൻ | 65/2023 | 2/449, 450 | പി എസ് ജെ കൺസ്ട്രക്ഷൻ | 3 |
| 14 | രതീഷ് കുമാർ എം | 88/2023 | 7/207 B, C, D | ഫാമിലി ഹൈപ്പർമാർക്കറ്റ് | 8 |
| 15 | അൻവർ സാദത്ത് | 94/2023 | - | ഗ്യാലക്സി മെറ്റൽസ് | 8 |

| | | | | | |
|---|---|---|---|---|---|
| 16 | വി സത്യൻ | 189/2023 | 2/616 | ബി എസ് എ മെറ്റൽസ് | 5 |
| 17 | മുഹമ്മദ് ഇഖ്ബാൽ | 257/2023 | 6/501 | സോന മെറ്റൽസ് | 4 |
| 18 | അബ്ദുൾ സലാം പി ജെ | 280/2023 | 11/48E | സാദിയ പൗൾട്രി ഫാം | 15 |
| 19 | എ റിയാസ് | 349/2023 | 14/348, 349 | മലബാർ മെറ്റൽസ് | 3 |
| 20 | രമ്യ കെ | 358/2023 | 2/308 A1 To A4 | റോയൽ വില്ലേജ് റസ്റ്റോറന്റ് & ബേക്സ് | 8 |
| 21 | ഷാജി ഇ കെ | 428/2023 | 16/143 | തലയടുക്കം വുഡ് ഇൻഡസ്ട്രീസ് | 6 |
| 22 | ബിജു ചിലമ്പിൽ | 532/2023 | 1/242 A | ചിലമ്പിൽ ബി മാർട്ട് | 4 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈ വിവരം അറിയിക്കേണ്ടതാണ്.

2) കിനാനൂർ കരിന്തളം ഫാമിലി ഹെൽത്ത് സെന്ററിൽ കരാറടിസ്ഥാനത്തിൽ നിയമിക ചുവടെ പരാമർശിക്കുന്ന ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ കാണുന്നില്ല.

| ജീവനക്കാരന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ടുന്ന തൊഴിൽ നികുതി |
|---|---|---|---|
| ഡോ. കൃഷ്ണ പി | 2022-23 ഒന്നാം അർദ്ധവർഷം | 3,19,048/- | 1,250/- |
| | 2022-23 രണ്ടാം അർദ്ധവർഷം | 1,18,760/- | 1,000/- |
| ഡോ. ചന്ദന രാജൻ കെ വി | 2022-23 രണ്ടാം അർദ്ധവർഷം | 1,74,410/- | 1,250/- |

മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സ അറിയിക്കേണ്ടതാണ്.

3) <u>അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 (Ii) എ (I) വകുപ്പ് പ്രകാര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ ചേർത്തിട്ടുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ കാണുന്നില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | ജോഷി ജോൺ,പെരിയങ്ങാനം, പി.ഡബ്ല്യു.ഡി കോൺട്രാക്ടർ | 2022-23 രണ്ടാം അർദ്ധ വർഷം |

| | | |
|---|---|---|
| 2 | രാജേഷ് കുമാർ കെ, പെരിയങ്ങാനം, പി.ഡബ്ലു.ഡി കോൺട്രാക്ടർ | 2022-23 ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | പ്രിൻസ് കെ വി, പി.ഡബ്ലു.ഡി കോൺട്രാക്ടർ | 2022-23 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 22 തീയ്യതി 19.08.2023)

## 1-12 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ബത്ത – അധിക തുക നൽകി

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 37/23 - ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് ബത്ത |
| അടങ്കൽ തുക | വി.ഫ (ജനറൽ) - 540000/-<br>ബ്ലോക്ക് പഞ്ചായത്ത് - 270000/-<br>ജില്ലാ പഞ്ചായത്ത് - 90000/- |
| ചെലവ് തുക<br>വി.ഫ (ജനറൽ) - 540000/-<br>ബ്ലോക്ക് പഞ്ചായത്ത് - 270000/-<br>ജില്ലാ പഞ്ചായത്ത് - 90000/- | <table><tr><td>ബിൽ റഫറൻസ് നമ്പർ</td><td>തീയതി</td><td>തുക</td></tr><tr><td>22200352018900824713</td><td>26/11/2022</td><td>144000/-</td></tr><tr><td>22200352018900824706</td><td>26/11/2022</td><td>72000/-</td></tr><tr><td>22200352018900876495</td><td>7/12/2022</td><td>24000/-</td></tr><tr><td>22200352018901426055</td><td>21/3/2023</td><td>314027/-</td></tr><tr><td>22200352018901413888</td><td>20/3/2023</td><td>198000/-</td></tr><tr><td>22200352018901413908</td><td>20/3/2023</td><td>66000/-</td></tr><tr><td>22200352018901573919</td><td>31/3/2023</td><td>81973/-</td></tr></table> |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

2022-23 സാമ്പത്തിക വർഷം മേൽ പദ്ധതി പ്രകാരം ശാരീരിക മാനസിക വെല്ലുവി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പും ബത്തയും നൽകിയതിൽ ചുവടെ പറയുന്ന ശാ വെല്ലുവിളികൾ നേരിടുന്നവർക്ക് അർഹതയിലും അധികമായി തുക നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് | സ്റ്റാൻഡേർഡ് - ക്ലാസ്സ് - ഇനം | നൽകാവുന്ന പരമാവധി തുക | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | ആരവ്.കെ | രണ്ടാം ക്ലാസ്സ് | 5300<br>(400 X 12 + 500) | 6600 | 1300 |
| 2 | വിഷ്ണുകുമാർ.ആർ | ഐ.റ്റി.ഐ | 13500<br>(1000 X 12 +1500) | 24840 | 11340 |
| 3 | അഭിനന്ദ്.കെ | നാലാം ക്ലാസ്സ് | 5300<br>(400 X 12 + 500) | 8720 | 3420 |
| 4 | ആദിദേവ്.വി | നാലാം ക്ലാസ്സ് | 5300<br>(400 X 12 + 500) | 5620 | 320 |
| 5 | ഫാത്തിമത്ത് തസ്ലീഫ.കെ.ജി | രണ്ടാം ക്ലാസ്സ് | 5300<br>(400 X 12 + 500) | 5620 | 320 |
| | | | | ആകെ | 16700 |

മേൽ പ്രകാരം അധികമായി തുക നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കുന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 28/ 23.08.2023 ന് മേൽ കുട്ടികൾക്ക് അധിക നൽകിയത് 2023-24 വർഷത്തിലെ വാർഷിക പദ്ധതിയിൽ (73/24 ) കുറവു വ ക്രമീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ

ക്രമീകരിക്കുന്നതുവരെ 16700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർ നടപടി റ
ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ഗുണഭോക്താക്കളുടെ മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു.

